**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 810** **30.10.2019-ൽ മറുപടിക്ക്**

**അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി**

**ചോദ്യം**

**ശ്രീ.സി.കെ. ഹരീന്ദ്രൻ**

**മറുപടി**

**എ.കെ.ബാലൻ**

**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി അമ്പൂരി പുരവിമല ആദിവാസി സെറ്റിൽമെന്റ് കോളനി നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്നു വ്യക്തമാക്കാമോ ; | എ) | അടിസ്ഥാന സൗകര്യങ്ങളിൽ വളരെ പിന്നാക്കം നിൽക്കുന്ന കോളനികളെയാണ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. തിരുവനന്തപുരം ജില്ലയിലെ അമ്പൂരി പുരവിമല കോളനിയുടെ പിന്നോക്കാവസ്ഥ പരിശോധിച്ച്, ആവശ്യമെങ്കിൽ ടി കോളനിയെ 2019-20 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| ബി) | ടി പദ്ധതിയിലുൾപ്പെടുത്തി ആദ്യ ഘട്ടത്തിൽ നിർദ്ദേശിച്ച തെന്മല സെറ്റിൽമെന്റ് കോളനിയിലെ നവീകരണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | ബി) | തെന്മല സെറ്റിൽമെന്റിൽ മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ച് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) | പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണം നടന്നുവരുന്ന എസ്.സി. കോളനികളായ വേങ്കവിള, പുല്ലുച്ചൽക്കോണം എന്നിവിടങ്ങളിലെ നിർമ്മാണത്തിൽ, ജില്ല നിർമ്മിതി കേന്ദ്രം വരുത്തുന്ന കാലതാമസം പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | സി) | വേങ്കവിള, പുല്ലുച്ചക്കോണം എന്നീ കോളനിയിലെ പ്രവൃത്തികൾ ത്വരിതഗതിയിൽ നടത്തുന്നതിലേയ്ക്കായി ജില്ലാ നിർമ്മിതി കേന്ദ്രത്തിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. മോണിട്ടറിംഗ് കമ്മിറ്റി കൂടി പുല്ലുച്ചക്കോണം കോളനിയിലെ റോഡ് പണി ചെയ്യുന്നതിലുള്ള തർക്കങ്ങൾ പരിഹരിച്ചിട്ടുണ്ട്. |
| ഡി) | പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ? | ഡി) | വേങ്കവിള കോളനിയിൽ 3 കോൺക്രീറ്റ് റോഡുകൾ, 9 ഭവന പുനരുദ്ധാരണം എന്നിവ പൂർത്തീകരിച്ചു. |

| | | | |
|---|---|---|---|
| | | | ഫുട്പാത്ത്, സംരക്ഷണഭിത്തി എന്നിവ ഒരെണ്ണം വീതം പൂർത്തീകരിച്ചിട്ടുണ്ട്. ഏകദേശം 70% പ്രവൃത്തികൾ പൂർത്തീകരിച്ചു.<br><br>പുല്ലച്ചക്കോണം കോളനിയിൽ ഒരു റോഡ്, ഒരു വീടിന്റെ പുനരുദ്ധാരണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റൊരു റോഡിന്റെ നിർമ്മാണം പുരോഗതിയിലാണ്. ഭവന പുനരുദ്ധാരണവും, കുടിവെള്ള പദ്ധതിയും ശേഷിക്കുന്നുണ്ട്. ഇതുവരെ 15% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**